# തവക്കുൽ

■ ലേഖനം

ജമാൽ കടന്നപ്പള്ളി

**തൗഹീദുമായി** അഭേദ്യമായി ബന്ധപ്പെട്ടുനിൽക്കുന്നു തവക്കുൽ അഥവാ അല്ലാഹുവിങ്കലുള്ള അർപ്പണം. സൃഷ്ടികളായ നമ്മുടെ നിസ്സഹായതയെയും അപൂർണതയെയും കുറിച്ചുള്ള ബോധവും സ്രഷ്ടാവായ അല്ലാഹുവിന്റെ അജയ്യതയെയും സമ്പൂർണതയെയും കുറിച്ച അറിവുമാണ് തവക്കുലിന്റെ അടിത്തറ. വിധിവിശ്വാസമാണ് തവക്കുലിന്റെ അകക്കാമ്പ്. നന്മതിന്മകൾ അന്തിമമായി ദൈവ കൽപിതമാണ്. അവ നമ്മെ ബാധിക്കുന്നത് അവന്റെ പരീക്ഷണം എന്ന നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ തവക്കുലിന്റെയും വിധിയുടെയും പേരിൽ നിഷ്ക്രിയത്വം ഇസ്‌ലാം അനുവദിക്കുന്നില്ല. അതോടൊപ്പം സ്വയം പര്യാപ്തതയുടെ വീമ്പുപറച്ചിലും ഇസ്‌ലാമികമല്ല. അവ രണ്ടിനുമിടയിൽ വിധിയെ സമന്വയിച്ചു മനസ്സിലാക്കുന്നതാണ് ശരിയായ രീതി. അലി(റ)യിൽനിന്ന് നിവേദനം: "നബി(സ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു: നിങ്ങൾ ഒരാളുടെ ഇരിപ്പിടം സ്വർഗത്തിലോ നരകത്തിലോ ആയി രേഖപ്പെടുത്താതെയില്ല. ഇതു കേട്ടപ്പോൾ ഒരാൾ ചോദിച്ചു: പ്രവാചകരേ അപ്പോൾ ഞാൻ അല്ലാഹുവിൽ തവക്കുലാക്കി (നിഷ്ക്രിയനായി) കഴിഞ്ഞുകൂടട്ടെയോ? പ്രവാചകൻ പറഞ്ഞു: പാടില്ല. നിങ്ങൾ പ്രവർത്തിക്കുക. എല്ലാം എളുപ്പമാണ്. ശേഷം നബി(സ) സൂറത്തുല്ലൈലിലെ 5-ാം വചനം മുതൽക്ക് പാരായണം ചെയ്തു" (ബുഖാരി). ഇനി പ്രസ്തുത ഖുർആൻ അധ്യായത്തിലെ ഏതാനും സൂക്തങ്ങൾ ശ്രദ്ധിക്കുക: "ആർ, ദൈവമാർഗത്തിൽ ധനം നൽകുകയും, ദൈവധിക്കാരത്തെ സൂക്ഷിക്കുകയും, നന്മയെ സത്യമായി അംഗീകരിക്കുകയും ചെയ്തുവോ, അവനു നാം സന്മാർഗത്തിലേക്ക് വഴിതെളിച്ചു കൊടുക്കും. എന്നാൽ, ആർ ലുബ്ധനാവുകയും, തന്റെ ദൈവത്തിന്റെ ആശ്രയം വേണ്ടെന്നു നടിക്കുകയും, നന്മയെ തള്ളിപ്പറയുകയും ചെയ്യുന്നുവോ അവനു നാം ദുർഘടമായതിലേക്ക് വഴിതെളിച്ചുകൊടുക്കും" (*അല്ലൈൽ* 5-10). ഈ ഖുർആൻ സൂക്തത്തിൽ അല്ലാഹു നമ്മോടു കൽപിക്കുന്നത് നിങ്ങൾ നന്മയെ സമഗ്രമായി ഉൾക്കൊണ്ടാൽ (ഇൻഫാഖ്, തഖ്‌വ, തസ്ദീഖ്, ഇഹ്സാൻ) ഞാൻ നിങ്ങൾക്ക് സന്മാർഗ വഴി അനായാസമാക്കുമെന്നാണ്. മറിച്ചായാൽ ദുർമാർഗമായിരിക്കും എളുപ്പമാക്കി കിട്ടുക. ഇത് പ്രകൃതിയുടെ തേട്ടം കൂടിയാണ്. മനുഷ്യന് പ്രകൃതിനിയമങ്ങൾ പാലിച്ചാലേ, അല്ലെങ്കിൽ കാര്യകാര്യകാരണ ബന്ധങ്ങൾ വഴിയേ ഈ ലോകത്ത് ഏതർഥത്തിലായാലും വിജയം ലഭിക്കുകയുള്ളൂ. അതിനാൽ നാം പണിയെടുക്കണം. തവക്കുലിനെയും വിധിയെയും ഇവ്വിധം സർഗാത്മകമായി ഉൾക്കൊണ്ടതുകൊണ്ടായിരുന്നു നമ്മുടെ ആദ്യകാല തലമുറ ആത്മീയ-ഭൗതിക മേഖലകളിലെല്ലാം വൻ കുതിച്ചുചാട്ടം നടത്തിയത്.

വിശ്വാസവും അർപ്പണവും പ്രതീക്ഷയുമെല്ലാം അല്ലാഹുവിൽ മാത്രമായിരിക്കണം. അല്ലാതെ ഏതെങ്കിലും സംരംഭത്തിലോ സമ്പത്തിലോ മനുഷ്യരിലോ ആവരുത്. എത്രത്തോളമെന്നാൽ വാഹന പ്പുറത്ത് യാത്ര ചെയ്യവേ വല്ലതും വീണുപോയാൽ ഒരിക്കലും നബി(സ) അതെടുത്തുതരാൻ മറ്റൊരാളോട് ആവശ്യപ്പെടുമായിരുന്നില്ല. നബി(സ) തന്നെ വാഹനപ്പുറത്തുനിന്ന് ഇറങ്ങി അതെടുക്കും! നബി(സ) തന്റെ ശിഷ്യന്മാരെ ഇങ്ങനെ പഠിപ്പിക്കുകയും ചെയ്തു. "നീ വല്ലതും ചോദിക്കുന്നുവെങ്കിൽ അല്ലാഹുവോട് ചോദിക്കുക. നീ സഹായം തേടുന്നുവെങ്കിൽ അല്ലാഹുവോട് സഹായാർഥന നടത്തുക. അറിയുക: നിനക്കൊരു ഉപകാരം ചെയ്യാൻ ജനത ഒന്നടങ്കം ഒരുമിച്ചുകൂടിയാലും നിനക്കെന്തെങ്കിലും ഗുണം ചെയ്യാൻ അവർക്ക് കഴിയില്ല. അല്ലാഹു നിനക്ക് നിശ്ചയിച്ചതല്ലാതെ. നിനക്ക് വല്ല ദ്രോഹവും ചെയ്യാൻ അവർ ഒത്തുകൂടിയാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ നിനക്ക് ഒരു ഉപദ്രവവും വരുത്താനവർക്ക് സാധ്യമല്ല" (തിർമിദി).

തവക്കുലിന്റെ വിവിധ വശങ്ങളെക്കുറിച്ചും അവയുടെ സമന്വയത്തെക്കുറിച്ചുമുള്ള ഖുർആൻ-ഹദീസ് വചനങ്ങൾ നിരവധിയാണ്. ചിലത് മാത്രം കാണുക: "അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. എല്ലാ വസ്തുക്കളുടെയും മേൽ കൈകാര്യകർത്താവാകുന്നു" (*അസ്സുമർ* 62). "അല്ലാഹുവാണ് നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയെയും സൃഷ്ടിച്ചിട്ടുള്ളത്" (*അസ്സ്വാഫാത്ത്* 69). "അല്ലാഹു ആരോടും അയാളുടെ കഴിവിൽപെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സദ്ഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവരുടെ മേൽതന്നെ. ഞങ്ങളുടെ നാഥാ, ഞങ്ങൾ

മറന്നുപോവുകയോ ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ" (*അൽബഖറ* 286). "ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽതന്നെയോ യാതൊരാപത്തും ബാധിക്കുകയുണ്ടായിട്ടില്ല, അതിനെ നാം ഉണ്ടാക്കുന്നതിനു മുമ്പുതന്നെ അത് ഒരു രേഖയിൽ ഉൾപ്പെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമാകുന്നു. (ഇങ്ങനെ നാം ചെയ്തത്) നിങ്ങൾക്ക് നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കാനും നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ നിഗളിക്കാതിരിക്കാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല" (*അൽഹദീദ്* 22,23). "നിങ്ങളെ നാം ഭയം, വിശപ്പ് എന്നിവകളെ കൊണ്ടും സ്വത്തുക്കളുടെയും ശരീരങ്ങളുടെയും ഉൽപന്നങ്ങളുടെയും നഷ്ടം കൊണ്ടും പരീക്ഷിക്കുന്നതാണ്. എന്നാൽ ഏത് ആപത്ത് പിടിപെടുമ്പോഴും 'ഞങ്ങളെല്ലാം അല്ലാഹുവിന്റേതും അവങ്കലേക്കുതന്നെ മടങ്ങുന്നവരുമാണെ'ന്നു പറഞ്ഞ് ക്ഷമ കൈക്കൊള്ളുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. അവർക്ക് അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവുമുണ്ട്. അവരത്രെ സന്മാർഗികൾ" (*അൽബഖറ* 155-157). "നാം അവരെ സുസ്ഥിതിയാലും ദുസ്ഥിതിയാലും പരീക്ഷിച്ചുകൊണ്ടിരിക്കുന്നു; അവർ മടങ്ങിയെങ്കിലോ?" (*അൽഅഅ്റാഫ്* 168).

ചുരുക്കിപ്പറഞ്ഞാൽ കാര്യങ്ങളത്രയും സംഭവിക്കുന്നത് ദൈവവിധിയനുസരിച്ചാണ്. എന്നാൽ മനുഷ്യന്റെ ഉദ്ദേശ്യത്തെ അല്ലാഹു പരിഗണിക്കുന്നുണ്ട്. അതിനാൽ നാം സോദ്ദേശ്യത്തോടെ പ്രവർത്തിക്കുകയും അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്യുക. നമ്മുടെ ലക്ഷ്യം സഫലമാവുമ്പോൾ നാം ഒരിക്കലും അഹങ്കരിക്കരുത്. കാരണം നമ്മുടെ ഉദ്ദേശ്യത്തിന് അനുഗുണമായ ഉപകരണങ്ങൾ ഒരുക്കി അതിനെ വിജയിപ്പിച്ചത് അല്ലാഹുവാണ്. ഇനി ഒരു കാര്യം പരാജയത്തിലാണ് കലാശിച്ചതെങ്കിലും പ്രശ്നമാക്കരുത്. കാരണം അത് ദൈവവിധിയാണ്. ആ വിധിക്കു പിന്നിൽ നാമറിയാത്ത അതിമഹത്തായ എന്തോ ഒളിഞ്ഞിരിപ്പുണ്ടാവാം. അതിനാൽ ശുഭാപ്തി കൈക്കൊള്ളുക. നാഥനിൽ പ്രത്യാശ പുലർത്തുക. നിരാശ പൈശാചികമാണെന്ന് അല്ലാഹു തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ട് (*യൂസുഫ്* 87). അപ്പോൾ വിധിവിശ്വാസവും തവക്കുലും പ്രവർത്തിക്കാനുള്ള ഉൾത്വര നൽകുകയും ഒപ്പം തന്നെ വിനയവും എളിമയും അടങ്ങാത്ത പ്രതീക്ഷയും പ്രത്യാശയും പകരുകയും ചെയ്യുന്നു. ഒരു നബിവചനം കാണുക: "സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ! നിശ്ചയം അവന്റെ എല്ലാ കാര്യവും അവനു ഗുണകരമാണ്. സത്യവിശ്വാസിയായ മനുഷ്യനു മാത്രമേ അതുണ്ടാവുകയുള്ളൂ. സന്തോഷകരമായ വല്ല കാര്യവും അവന് ലഭിച്ചാൽ അവൻ അതിന്റെ പേരിൽ അല്ലാഹുവിനെ സ്തുതിക്കും. അതവന് ഗുണകരമാണ്. ദോഷകരമായ വല്ലതും ബാധിച്ചാലോ? അവൻ ക്ഷമിക്കും. അതും അവന് ഗുണകരമാണ്" (മുസ്‌ലിം). ഉയർന്ന ഇഛാശക്തിയാണ് ഈ ഹദീസ് നമ്മോട് ആവശ്യപ്പെടുന്നത്. വിപത്തുകളിൽ വെപ്രാളപ്പെടാതെ ക്ഷമിക്കണമെങ്കിൽ തീർച്ചയായും ഇഛാശക്തി വേണം. ദോഷകരമെന്ന് നാം കരുതുന്ന കാര്യം ഗുണമാണെന്നു കരുതി ക്ഷമിക്കുമ്പോൾ ഒരിക്കലും നമുക്ക് ടെൻഷനുണ്ടാവില്ല. പകരം തികഞ്ഞ ശുഭാപ്തിയും പ്രതീക്ഷയും പ്രത്യാശയും കൈവരും. ഈമാനികാവസ്ഥ വിപത്തുകളെ 'ആസ്വദിക്കുന്ന' തലത്തിലേക്ക് വരെ ഒരാളെ എത്തിച്ചേക്കാം.

അബൂസഈദിൽ ഖുദ്‌രി(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു: "നിങ്ങളിൽ ചിലർ അനുഗ്രഹങ്ങളാൽ സന്തുഷ്ടരാവുന്നതിനേക്കാൾ മറ്റു ചിലർ ആപത്തുകളിൽ സന്തുഷ്ടരായിരിക്കും" (മുസ്നദ്). പ്രവാചകന്മാരാണ് ഇതിന്റെ അത്യുന്നത മാതൃകകൾ. ഓമന മകന്റെ കഴുത്തിൽ കത്തിവെക്കാനും അഗ്നികുണ്ഡത്തിലേക്ക് എടുത്തുചാടാനും പിറന്ന നാടും വീടും വെടിഞ്ഞ് ഹിജ്റ ചെയ്യാനും അതിക്രൂരമായ മർദനപീഡനങ്ങളും വധശ്രമങ്ങളും അതിജീവിക്കാനും അതവരെ പ്രാപ്തരാക്കി. അനുയായികൾ ഭയന്നോടിയ വേളയിൽ, രണാങ്കണങ്ങളിൽ പർവതംപോലെ ഉറച്ചുനിൽക്കാൻ അവർക്ക് കരുത്തേകിയത് ആ വിപത്തുകൾക്കുപിറകിൽ ലഭിക്കാനിരിക്കുന്ന അതിമഹത്തായ പ്രതിഫലങ്ങളെക്കുറിച്ച ഉൾക്കാഴ്ചയും ആ വീക്ഷണം പകർന്ന മധുരവുമായിരുന്നു. അല്ലാഹു പറയുന്നു: "നാം ഇതിനു മുമ്പ് മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങളോടുകൂടി അയച്ചിട്ടുണ്ട്. (അദ്ദേഹത്തോട് നാം കൽപിച്ചു): നിന്റെ ജനത്തെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കുക. അല്ലാഹുവിന്റെ ചരിത്രപ്രധാനമായ ദിവസങ്ങൾ അവരെ ഓർമിപ്പിക്കുകയും ചെയ്യുക. ക്ഷമയും കൃതജ്ഞതയും പാലിക്കുന്നവർക്കൊക്കെയും ആ സംഭവങ്ങളിൽ മഹത്തായ ദൃഷ്ടാന്തങ്ങളുണ്ട്" (*ഇബ്റാഹീം* 5). ഈ സൂക്തത്തിൽ ക്ഷമയും നന്ദിയും ചേർത്തു പറഞ്ഞത് അർഥവത്താണ്. സത്യപാതയിലുള്ള വിപത്തുകളെ സ്ഥൈര്യത്തോടെ അതിജീവിക്കുകയും അതിനു പിന്നിലെ സാക്ഷാൽ അനുഗ്രഹത്തെക്കുറിച്ച് നന്നായി ഗ്രഹിച്ച് അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്ന മാനസികാവസ്ഥ പ്രാപിച്ചവരത്രെ അവർ. അഥവാ 'ക്ഷമയും കൃതജ്ഞതയും പാലിക്കുന്നവർ' (*സ്വബ്ബാറുൻ ശക്കൂർ*) ഇസ്‌ലാമികദൃഷ്ട്യാ തവക്കുൽ അതിമഹത്തായ പദവിയിലെത്തിയവരാണ്. ഇമാം ഗസ്സാലി (റ)യുടെ അഭിപ്രായത്തിൽ 'സമീപസ്തരുടെ' ഉയർന്ന പദവിയാണ് തവക്കുൽ എന്ന ദൈവാർപ്പണം. അതുകൊണ്ടാവാം നബി(സ) ഒരിക്കൽ തവക്കുലിനെ പറ്റി പരാമർശിക്കവെ 'ദൈവത്തിൽ അർപ്പിക്കേണ്ടവിധം അർപ്പിക്കുക' (*ഹഖ തവക്കുലിഹി*) എന്നു പറഞ്ഞത്. തവക്കുലാക്കുന്നവരെ വിശുദ്ധ ഖുർആൻ ഏറെ വാഴ്ത്തിപ്പറഞ്ഞതായി കാണാം: "അല്ലാഹുവിൽ തവക്കുലാക്കുന്നവർക്ക് അവൻ തന്നെ മതി. അല്ലാഹു അവന്റെ കാര്യം നിറവേറ്റുകതന്നെ ചെയ്യും. സകലതിനും അവൻ ഒരു കണക്ക് നിശ്ചയിച്ചിരിക്കുന്നു" (*അത്ത്വലാഖ്* 3). "അല്ലാഹുവിനെ ഭയക്കുന്നവരിൽപെട്ട രണ്ടു പേർ പറഞ്ഞു: (ആ പ്രബലന്മാർക്കെതിരെ) നിങ്ങൾ കവാടത്തിലൂടെ പ്രവേശിക്കുവിൻ. അകത്തെത്തിയാൽ നിങ്ങൾതന്നെയാണ് ജേതാക്കളാവുക. നിങ്ങൾ വിശ്വാസികളെങ്കിൽ അല്ലാഹുവിൽ ഭരമേൽപിക്കുവിൻ" (*അൽമാഇദ* 23). "കപട വിശ്വാസികളും മനസ്സിൽ രോഗമുള്ളവരും ഇപ്രകാരം പറഞ്ഞ സന്ദർഭം: ഈ ജനത്തെ അവരുടെ മതം വഞ്ചിതരാക്കിയിരിക്കുന്നു. എന്നാൽ ആരെങ്കിലും അല്ലാഹുവിൽ ഭരമേൽപിക്കുന്നുവെങ്കിൽ തീർച്ചയായും അവൻ അജയ്യനും യുക്തിമാനുമാകുന്നു" (*അൽഅൻഫാൽ* 49). "താങ്കൾ ഒരു കാര്യത്തിൽ ദൃഢനിശ്ചയമെടുത്താൽ അല്ലാഹുവിൽ തവക്കുലാക്കണം. അല്ലാഹുവിൽ തവക്കുലാക്കുന്നവരെ അവൻ ഇഷ്ടപ്പെടുന്നു. അവൻ തുണച്ചാൽ ആർക്കും നിങ്ങളെ ജയിക്കാനാവില്ല. അവൻ കൈവെടിഞ്ഞാൽ ആരും സഹായിക്കുകയില്ല. അതിനാൽ എല്ലാ സത്യവിശ്വാസികളും അല്ലാഹുവിൽ മാത്രം ഭരമേൽപിക്കട്ടെ" (*ആലുഇംറാൻ* 159,160). "പ്രവാചകരേ, ജീവിച്ചിരിക്കുന്നവനും ഒരിക്കലും മരിക്കാത്തവനുമായ ആ ദൈവത്തിൽ ഭരമേൽപിക്കുക. അവനെ കീർത്തനങ്ങളാൽ വാഴ്ത്തുക" (*അൽഫുർഖാൻ* 58). ■